## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 192** **04.02.2013 ൽ മറുപടിക്ക്**

## വീയപുരം സർക്കാർ തടി ഡിപ്പോയുടെ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോമസ് ചാണ്ടി | | കെ.ബി. ഗണേഷ് കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിലെ ഏക സർക്കാർ തടി ഡിപ്പോ ആയ വീയപുരം ഡിപ്പോയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (എ) | വീയപുരം ഡിപ്പോയിൽ ലഭിക്കുന്ന തടികൾ ഒന്നിടവിട്ടുള്ള മാസങ്ങളിൽ മതിയായ പരസ്യം നൽകി; വർഷത്തിൽ 6 തവണ; ലേലം ചെയ്ത് വിൽക്കുന്നുണ്ട്. ഡിപ്പോയുടെ സുഗമമായ പ്രവർത്തനത്തിന് തടിയുടെ ലഭ്യത ഉറപ്പുവരുത്തുന്ന തിനായി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | 18 ഏക്കർ വരുന്ന പ്രസ്തുത ഡിപ്പോയോട് ചേർന്ന് ഇക്കോ ടൂറിസം/ റിസർവ്ഡ് വനം പദ്ധതികൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) | സർവ്വെ സ്കെച്ച് പ്രകാരമുള്ള 14.345 ഏക്കർ (5.808 ഹെ) ഭൂമിയിൽ നിലനിൽക്കുന്ന പ്രസ്തുത ഡിപ്പോയോട് ചേർന്ന് ഇക്കോ ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ? | (സി) | ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനുള്ള മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ